LIBRARY ARCHIVES Kerala Legislative Assembly

പെരുവള്ളൂർ - പള്ളിക്കൽ പാലം

228 (4582) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവള്ളൂർ-പള്ളിക്കൽ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് കാടപ്പടി പാത്തിക്കുഴി ഭാഗത്ത് പാലം നിർമ്മിക്കുന്ന പദ്ധതി ഏത് ഘട്ടം വരെയായെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പാലം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) പാലത്തിന് ഭരണാനുമതി നൽകിയിട്ടില്ല.

(സി) സാമ്പത്തിക ലഭ്യത അനുസരിച്ച് പരിഗണിക്കുന്നതാണ്.

പുരപ്പറമ്പ് പാലം നിർമ്മാണം

229 (4583) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിലെ പുരപ്പറമ്പ് ലോക്കിന് മുകളിൽ പാലം നിർമ്മാണം സംബന്ധിച്ച നടപടികൾ ഏതു ഘട്ടം വരെ ആയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാലത്തിന് ഭരണാനുമതി നൽകുന്ന മുറയ്ക്ക് ടെൻഡർ ചെയ്യുന്നതാണ്.

പാത്തിക്കുഴി പാലം നിർമ്മാണവും അപ്രോച്ച് റോഡ് നിർമ്മാണവും

230 (4584) ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട കാടപ്പടി-പാത്തിക്കുഴി-പുത്തൂർ പള്ളിക്കൽ റോഡിൽ പാത്തിക്കുഴി പാലം നിർമ്മാണവും അപ്രോച്ച് റോഡ് നിർമ്മാണവും സംബന്ധിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വെളിപ്പെടുത്തുമോ ;